MATHRUBHUMI 12-12-2017

# തിരച്ചിലിന് ഫിഷറീസ് വിഭാഗവും

കൊച്ചി▸ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറിസ് ടെക്നോളജിയുടെ കപ്പൽ 'മത്സ്യകുമാരി 2' ഓഖി ദുരന്തത്തെ തുടർന്നുള്ള തിരച്ചിലും രക്ഷാ പ്രവർത്തനങ്ങളും ആരംഭിച്ചു.

സി.ഐ.എഫ്.ടി. കപ്പിത്താൻ ഫ്രാൻസിസ് സേവ്യറിൻെറ നേതൃത്വത്തിൽ ഫിഷറിസ് വകുപ്പിൻെറ എൻഫോഴ്സ്മെൻറ് വിങ്ങിലെ രണ്ട് ഉദ്യോഗസ്ഥരും പൊഴിയൂരിലെ രണ്ട് മത്സ്യത്തൊഴിലാളികളും അടങ്ങുന്ന സംഘമാണ് തിരച്ചിൽ നടത്തുന്നത്.

ആദ്യ ദിവസങ്ങളിൽ ആലപ്പുഴയുടെ 140 നോട്ടിക്കൽ മൈൽ വടക്ക് മേഖലയിലാണ് തിരച്ചിൽ നടത്തിയത്.

'സമുദ്ര മത്സ്യബന്ധന മേഖലയിൽ ഓഖിയുടെ സ്വാധീനം' എന്ന വിഷയത്തിൽ പഠനം ആരംഭിച്ചതായും എറണാകുളം ഫിഷറിസ് ജോയിൻറ് ഡയറക്ടർ അറിയിച്ചു.